# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 638 — 19.03.2013-ൽ മറുപടിക്ക്

### പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പ്രകാരം വീട് നിർമ്മിച്ച് നൽകൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ; | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്ത് പുതുതായി എത്ര ലക്ഷംവീട് നിർമ്മിക്കാനാണുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (എ) സർക്കാർ അംഗീകരിച്ച പാർപ്പിട നയമനുസരിച്ച് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് മൊത്തം 12 ലക്ഷം വീടുകൾ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) പന്ത്രണ്ടാം പദ്ധതിയുടെ ഒന്നാം പദ്ധതി കാലത്ത് സർക്കാർ പ്രഖ്യാപിച്ച എത്ര വീടുകൾ പുതുതായി നിർമ്മിച്ച് ഉപഭോക്താക്കൾക്ക് വീടിന്റെ താക്കോൽ കൈമാറിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ? | (ബി) പന്ത്രണ്ടാം പദ്ധതിയുടെ ഒന്നാം പദ്ധതിക്കാലത്ത് (2012-2013) ഹൗസിംഗ് ബോർഡ് മുഖേന തിരുവനന്തപുരം പൂജപ്പുരയിൽ ഇന്നൊവേറ്റീവ് പദ്ധതിയും (24 വീടുകൾ), തൃശ്ശൂർ പുല്ലഴിയിൽ 125 കിടക്കകളോടു കൂടിയ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, സുരക്ഷാ ഭവന പദ്ധതി പ്രകാരം 114 വീടുകൾ, കോഴിക്കോട് ശാന്തിനഗർ (ബംഗ്ലാദേശ് കോളനി) പുനരധിവാസ ഭവന നിർമ്മാണ പദ്ധതി പ്രകാരം 218 വീടുകൾ, എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി പ്രകാരം 304 വീടുകൾ, എന്നിവ പുതുതായി നിർമ്മിച്ച് നൽകിയിട്ടുണ്ട്.<br>മറ്റു വകുപ്പുകൾ മുഖാന്തിരം നിർമ്മിച്ചു നൽകിയ വീടുകളുടെ എണ്ണം ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ